"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങൾ പട്ടികജാതി/പട്ടികവർഗ/ഫിഷറീസ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നത് - മാർഗ്ഗരേഖ വ്യവസ്ഥ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2324/2025/LSGD തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. 17.03.2023 ലെ ഡിഎ1/120/2023-തസ്വഭവ നമ്പർ സർക്കുലർ
3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 03.04.2024ലെ ഡി.കെ.എസ്.എ/554/PT1/2024 നമ്പർ കത്ത്
4. സ.ഉ.(സാധാ)നം.1016/2024/തസ്വഭവ; തീയതി 11.06.2024
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2024ലെ LSGD/PD/20257/2024-DPLA1 നമ്പർ കത്ത്

**ഉത്തരവ്**

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകാൻ പരാമർശം 1 സബ്സിഡി-ധനസഹായ മാർഗ്ഗരേഖയുടെ ഖണ്ഡിക 7.2.7 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യത്തൊഴിലാളി/ ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ, മത്സ്യ/അനുബന്ധ തൊഴിലാളികളുടെയോ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ് നൽകാൻ പരാമർശം 1 മാർഗ്ഗരേഖയുടെ ഖണ്ഡിക 7.3.1 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകാവുന്ന ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ പരാമർശം 1 ഉത്തരവിന്റെ അനുബന്ധം (4) പ്രകാരവും നൽകിയിട്ടുണ്ട്.

2. ഇപ്രകാരം വിതരണം ചെയ്യുന്ന ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ പുനർനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശം 1 മാർഗ്ഗരേഖ ഉത്തരവിന്റെ ഖണ്ഡിക 7.2.7, 7.3.1 എന്നിവ ചുവടെ പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ :-**

*1) ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ്, ഐ.റ്റി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നിവയുടെ റഗുലർ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെയോ അനുബന്ധ മത്സ്യത്തൊഴിലാളികളുടെയോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ/അനുബന്ധ മത്സ്യത്തൊഴിലാളികളുടെയോ മക്കൾ എന്നിവർക്ക് ലാപ്പ്ടോപ്പ് നൽകാം. മുഴുവൻ സമയ ഗവേഷണം നടത്തുന്ന പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകാവുന്നതാണ്. പഠിക്കുന്ന കോഴ്സ് സംബന്ധിച്ച സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലാപ് ടോപ് നൽകേണ്ടത്. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലാപ് ടോപ് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.*

*(2) ലാപ് ടോപ്പുകളുടെ സമാഹരണം:*

*(i) ബിരുദം, ബിരുദാനന്തര ബിരുദം, ഐ.റ്റി.ഐ എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് Centralised Procurement and Rate Contract System (CPRCS) (http://cprcs.kerala.gov.in) പോർട്ടലിൽ ലിസ്റ്റ് ചെയ്തിട്ടുള്ള ലാപ് ടോപുകളുടെ വിലവിവര പട്ടികയിൽ Medium End (Ubuntu) ൽ ഏറ്റവും വിലകുറവുള്ള ലാപ് ടോപ്പും, എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ/ബിരുദം/ബിരുദാനന്തര ബിരുദം), പോളിടെക്നിക്ക് (ഡിപ്ലോമ) കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ്, മുഴുവൻ സമയ ഗവേഷണം എന്നിവ നടത്തുന്ന വിദ്യാർത്ഥികൾക്കും പ്രസ്തുത പോർട്ടലിൽ (http://cprcs.kerala.gov.in) ലിസ്റ്റ് ചെയ്തിട്ടുള്ള ലാപ് ടോപുകളുടെ വിലവിവര പട്ടികയിൽ High End (Ubuntu) ൽ ഏറ്റവും വില കുറവുള്ള ലാപ് ടോപ്പും വാങ്ങി നൽകാവുന്നതാണ്. Intel, AMD പ്രോസസ്സറുകളിൽ ഏത് പ്രോസസ്സർ ഉള്ള ലാപ് ടോപ് വാങ്ങി നൽകണമെന്ന് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.*

*(ii) ലാപ് ടോപുകൾ Centralised Procurement and Rate Contract System (CPRCS) (http://cprcs.kerala.gov.in) മുഖേന മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ലാപ് ടോപുകളുടെ നിരക്കുകളും സ്പെസിഫിക്കേഷനുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പരിശോധിക്കാൻ കഴിയുന്ന തരത്തിൽ അതു സംബന്ധിച്ച സർക്കാർ ഉത്തരവു സഹിതം CPRCS പോർട്ടലിൽ അവ കെൽട്രോൺ ലഭ്യമാക്കേണ്ടതാണ്. ലാപ് ടോപുകൾക്ക് ഓർഡർ നൽകി കഴിഞ്ഞാൽ പരമാവധി 45 ദിവസത്തിനകം കെൽട്രോൺ ലാപ് ടോപുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. 45 ദിവസം കഴിഞ്ഞാൽ ഡെപ്പോസിറ്റ് ചെയ്ത തുക*

*കെൽട്രോണിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ വാങ്ങാവുന്നതും ആവശ്യമായ ലാപ് ടോപ്പുകൾ GeM-ൽ നിന്നും വാങ്ങാവുന്നതുമാണ്. CPRCS ലെ വിലയിൽ അധികരിക്കാതെയും മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ടിനം ലാപ് ടോപ്പുകൾക്കും CPRCS-ൽ നൽകിയിട്ടുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചും വേണം GeM-ൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ലാപ് ടോപ്പുകൾ വാങ്ങേണ്ടത്.*

*(iii) CPRCS പോർട്ടലിലെ പ്രൈസ് ലിസ്റ്റ് മെനുവിൽ ലാപ് ടോപ്പുകളുടെ വില വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യമാണെങ്കിൽ CPRCS ൽ അവസാനമായി നിലവിലുണ്ടായിരുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ് ടോപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് GeM-ൽ നിന്നും വാങ്ങാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഈ ആവശ്യത്തിനായുള്ള വിശദാംശങ്ങൾ CPRCS പോർട്ടലിൽ കെൽട്രോൺ ലഭ്യമാക്കേണ്ടതാണ്.*

3. പരാമർശം 1 സബ്സിഡി മാർഗ്ഗരേഖ ഉത്തരവിലെ അനുബന്ധം 4 (ലാപ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ) ഒഴിവാക്കിയും ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശം 1 ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
11. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
12. ഡയറക്ടർ, കേരള സംസ്ഥാന ഐ.റ്റി. മിഷൻ
13. മാനേജിംഗ് ഡയറക്ടർ, KELTRON
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില

22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. ഇലക്ട്രോണിക്സ് & ഐ.റ്റി (ഐ.റ്റി സെൽ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 24-09-2025 16:48:57

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്